# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 307** | **27/02/2017-ൽ മറുപടിക്ക്**

### വേനൽക്കാല രോഗങ്ങൾ തടയാൻ നടപടി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | വേനൽക്കാല രോഗങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള ജലദൗർലഭ്യം മൂലം ജലജന്യരോഗങ്ങൾ പടരാൻ സാധ്യത ഉള്ളതിനാൽ അതിനായി മുൻകരുതൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ജല സുരക്ഷ ഉറപ്പാക്കുവാൻ ആവശ്യമായ പരിശോധനകൾ 'ഹെൽത്തി കേരള' ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ചികിത്സ-യ്ക്കാവശ്യമായ മരുന്നുകൾ, ഒ.ആർ.എസ്, മറ്റു ലായനികൾ ഇവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |
| ബി) | നിർജ്ജലീകരണം, ലവണ നഷ്ടം എന്നിവയാലുള്ള രോഗങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, അങ്കൺവാടി ജീവനക്കാർ വഴി ബോധ-വൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആശുപത്രികളിലും പ്രാഥമികാരോഗ്യ-കേന്ദ്രങ്ങളിലും ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഒ.ആർ.എസ് മറ്റു ലായനികളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. വേനൽ-ക്കാലത്ത് കാലാവസ്ഥാ വ്യതിയാനം മൂലം സംഭവിക്കാറുള്ള സൂര്യതാപം പോലുള്ള പ്രതിഭാസങ്ങളെ നേരിടുന്നതിനുള്ള ഉചിതമായ മുൻകരുതലുകൾ കൈക്കൊള്ളുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |
| സി) | വേനൽക്കാല രോഗങ്ങളെയും മുൻകരുതലുകളെയും സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് ബോധ-വൽക്കരണം നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) | വീഴ്ച വരുത്തിയിട്ടില്ല. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ യഥാസമയത്ത് നടത്തി-വരുന്നുണ്ട്. ദൈനംദിന പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**